**CORRUPTION, A CRIME AGAINST NATION**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി . 20.12.2022**

## “RTO ഓഫിസിലെ മുൻക്ലാർക്കിനെ പണം തിരിമറി നടത്തിയ കേസിൽ വിജിലൻസ് കോടതി ശിക്ഷിച്ചു”

2001 മുതൽ 2003 വരെ പത്തനംതിട്ട, തിരുവല്ല എന്നീ ആർടിഒ ഓഫീസുകളിൽ UD ക്ലാർക്ക് ആയി ജോലി നോക്കി വന്നിരുന്ന സിനിലാൽമന്ത്രി എന്നയാൾ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി പിരിച്ചതിൽ സർക്കാരിലടക്കാതെ വ്യാജരേഖ ഉണ്ടാക്കി 1,56,782/-രൂപ കൈവശപ്പെടുത്തിയതിലേക്ക് വിജിലൻസ് പത്തനംതിട്ട യൂണിറ്റ് രജിസ്റ്റർ ചെയ്ത 3 കേസ്സുകളിലായിട്ടാണ് പ്രതിയായ സിനിലാൽമന്ത്രി കുറ്റക്കാരനാണെന്ന് കണ്ടെത്തി ഓരോ കേസിലും 3 വർഷം കഠിന തടവിന് തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (20.12.2022) ശിക്ഷിച്ചത്. ഇത് കൂടാതെ പിഴയായി 3 കേസ്സുകളിലായി ഏഴ് ലക്ഷം രൂപ പിഴഒടുക്കുന്നതിനും വിധിന്യായത്തിൽ പറയുന്നത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയാകുമെന്നും വിധിന്യായത്തിൽ പറയുന്നു.

വിജിലൻസ് പത്തനംതിട്ട യൂണിറ്റ് ഇൻസ്പെക്ടറും, നിലവിലെ ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടുമായ ശ്രീ.കെ.എൽ. ജോൺകുട്ടി IPS, മുൻ ഇൻസ്പെക്ടറായ ശ്രീ. വി.എൻ. സജി എന്നിവർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പത്തനംതിട്ട വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ.ബേബിചാൾസ് കുറ്റപത്രം നൽകിയ കേസിലാണ് പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത്ത് കുമാർ എൽ .ആർ ഹാജരായിരുന്നു.